**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6660** **11-11-2021 - ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കൾ ആരെല്ലാമെന്നും എത്ര തുകയാണ് നൽകുന്നതെന്നും വിശദമാക്കാമോ; ഈ പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | (എ) തീവ്രമായ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരെയും, 100% അന്ധത ബാധിച്ചവരെയും, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യം കൊണ്ടും ക്യാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം നൽകുന്ന പദ്ധതിയാണ് ആശ്വാസകിരണം. ടി പദ്ധതിയിൽ നിലവിൽ 95152 ഗുണഭോക്താക്കളാണ് ഉള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | (ബി) ആശ്വാസകിരണം പദ്ധതി പ്രകാരം 2018 മാർച്ച് മാസം വരെ ലഭിച്ച അപേക്ഷകളിന്മേലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളത്. അപേക്ഷകരുടെ എണ്ണം വർഷം തോറും ക്രമാതീതമായി വർദ്ധിക്കുന്നത് മൂലം ബഡ്ജറ്റ് വിഹിതത്തിനു പുറമേ അധികധനവിനിയോഗം ആവശ്യമായി വരുന്നുണ്ട്. ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം The Rights of Person with Disabilities Act, 2016 Chapter -5 (3) (i) പ്രകാരം അധിക പരിഗണന ആവശ്യമുള്ളവരെ (High Support needs) കൂടി ഉൾപ്പെടുത്തി പരിഷ്ക്കരിക്കുന്ന വിഷയം പരിശോധിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിൽ നിലവിൽ തീരുമാനമാകാതെ അവശേഷിക്കുന്നത് എത്രയെന്ന് വെളിപ്പെടുത്തുമോ; | (സി) | (സി) പ്രസ്തുത പദ്ധതി പ്രകാരം 2018 ഏപ്രിൽ മുതൽ 2021 മെയ് വരെ ലഭിച്ച 49424 അപേക്ഷകൾ. |
| (ഡി) | പദ്ധതിയിൽ അർഹരായ അപേക്ഷകരെ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | (ഡി) ലഭ്യമായ അപേക്ഷകൾ പദ്ധതി മാനദണ്ഡ പ്രകാരം അർഹത പരിശോധിച്ച് ബാങ്ക് അക്കൗണ്ട്, ആധാർ രേഖകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച് |

| | | | |
|---|---|---|---|
| | | | കൊണ്ട് സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നു. അപേക്ഷകരുടെ എണ്ണം വർഷം തോറും വളരെ കൂടി വരുന്നതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധിക തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# റിപ്പോർട്ട്

ഉത്തരവ് നം. VC/36865/2021/DCE തിരുവനന്തപുരം, തീയതി 11/10/2021 പ്രകാരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ആസ്ഥാന കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടർ (i/c) ഡോ. ജോതിരാജ് എം. സമർപ്പിക്കുന്ന റിപ്പോർട്ട്.

*സമർപ്പിക്കുന്ന തീയതി : 22/10/2021*

# ആമുഖം

11/10/2021 ന് എറണാകുളം മഹാരാജാസ് കോളേജിൽ എസ്.എഫ്.ഐ. യുടെ നേതൃത്വത്തിലുള്ള ഒരുസംഘം വിദ്യാർത്ഥികൾ ടി കോളേജിലെ പ്രിൻസിപ്പൽ ഡോ. മാത്യുജോർജിനെ ഘെരാവോ ചെയ്യുകയുണ്ടായി. കോളേജ് കൗൺസിൽ യോഗം നടക്കുന്ന സമയത്ത് കൗൺസിലിലെ മറ്റംഗങ്ങളെ ഉൾപ്പെടെയുള്ളവരെയാണ് ഘെരാവോ ചെയ്തത്. രാവിലെ തുടങ്ങിയ ഘെരാവോ വൈകിട്ട് വരെ നീണ്ടു. കോളേജ് ക്യാമ്പസിനകത്ത് വെട്ടിയിട്ടിരുന്ന കുറച്ചുമരങ്ങളുടെ തടിക്കഷണങ്ങൾ അനധികൃതമായി കടത്തിയെന്ന സംഭവത്തെത്തുടർന്നായിരുന്നു ഈ ഘെരാവോ. തലേദിവസം (2021 ഒക്ടോബർ 10) ചില എസ്. എഫ്.ഐ. വിദ്യാർത്ഥികൾ ചേർന്നാണ് അനധികൃതമായി തടിക്കഷണങ്ങൾ കടത്തിയ ലോറി തടഞ്ഞിട്ടത്. ഇത് പ്രിൻസിപ്പലിന്റെ അറിവോടെയാണെന്നായിരുന്നു കുട്ടികളുടെ ആരോപണം. ഇലക്ട്രോണിക് മാധ്യമങ്ങളിലും, സോഷ്യൽ മീഡിയകളിലും വാർത്ത പരന്നു. സംഗതികൾ നിയന്ത്രണാതീതമായപ്പോൾ പലതലങ്ങളിലും ഇടപെടൽ ഉണ്ടായതോടെ അവധിയിൽപ്പോയി അന്വേഷണത്തെ നേരിടണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം പ്രിൻസിപ്പൽ അംഗീകരിച്ചപ്പോഴാണ് വിദ്യാർത്ഥികൾ ഘെരാവോ സമരം അവസാനിപ്പിച്ചത്. ഇതേത്തുടർന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അടിയന്തിര അന്വേഷണത്തിന് ഉത്തരവിട്ടു. ആസ്ഥാന അഡീഷണൽ ഡയറക്ടർ (i/c) ഡോ. ജോതിരാജ് എം., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. സിജു ജേക്കബ് എന്നിവരെ അന്വേഷണ ഉദ്യോഗസ്ഥരായും, സഹായത്തിനായി എറണാകുളം റീജിയണൽ ഡെപ്യൂട്ടി ഡി.ഡി. യിലെ സൂപ്രണ്ട് ശ്രീ. അജിത് കുമാർ വി. യെയും നിയോഗിച്ചു.

അന്വേഷണസംഘം 12/10/2021 രാവിലെ 10 മണിക്ക് ഓഫീസിലെത്തി തെളിവെടുപ്പ് ആരംഭിച്ചു.

# പശ്ചാത്തലം

2018 ൽ ഡോ. കെ. ജയകുമാർ പ്രിൻസിപ്പലായിരുന്ന കാലത്ത് കെമിസ്ട്രി ബ്ലോക്ക്, ലൈബ്രറി കോംപ്ലക്സ് എന്നിവയ്ക്ക് സമീപമായും വാട്ടർ അതോറിറ്റി ഓഫീസിനടുത്തായും (ഈ മൂന്നു കെട്ടിടങ്ങൾക്കുമിടയിൽ) മൂന്നുവലിയ മരങ്ങൾ ഉണ്ടായിരുന്നു. അവയിലൊന്ന് ജീവനും, സ്വത്തിനും ഭീഷണിയായിരുന്നു. 2020 ൽ ഡോ. ജയകുമാർ പ്രിൻസിപ്പലായിരുന്ന കാലത്ത് കളക്ടറുടെ അനുമതിയോടെ അതിലൊന്ന് മുറിച്ച് അവിടെത്തന്നെ അടുക്കിവച്ചു.

പിന്നീട് 2020 ഒക്ടോബറിൽ ഡോ. മാത്യുജോർജ് പ്രിൻസിപ്പലായ സമയത്ത് മറ്റൊരുമരം വാട്ടർഅതോറിറ്റിയുടെ കെട്ടിടത്തിന് ഭീഷണിയായി ചാഞ്ഞുനിന്നു. അവർ പലതവണ രേഖാമൂലം ആവശ്യപ്പെട്ടിട്ടും അത് മുറിച്ചുമാറ്റാനുള്ള നടപടികളെടുക്കുവാൻ ഡോ. മാത്യുജോർജിന് കഴിഞ്ഞില്ല. അതിന് അദ്ദേഹം താഴെപറയുന്ന കാരണങ്ങൾ പറയുന്നു.

1. പാഴ്മരമായതിനാൽ വിലകിട്ടുമായിരുന്നില്ല.
2. മുറിക്കൂലി ഏതാണ്ട് 1.5 ലക്ഷത്തോളം വരുമായിരുന്നു.
3. നാക് സന്ദർശനവുമായി ബന്ധപ്പെട്ട തിരക്കുകൾ ഉണ്ടായിരുന്നു.

കാര്യങ്ങൾ നീളുമെന്നായപ്പോൾ, മരം വീഴാനുള്ള സാധ്യതയേറിയപ്പോൾ വാട്ടർ അതോറിറ്റിഓഫീസ് സ്വന്തംചെലവിൽ മരംമുറിച്ചു. ചെലവ് പിന്നീട് ടി ഓഫീസിന് നൽകാമെന്നായിരുന്നു വ്യവസ്ഥ. 1.5 ലക്ഷം (ഏകദേശം) രൂപ സി.ഡി.സി. ഫണ്ടിൽ നിന്ന് പിൻവലിക്കുവാൻ ഡോ. മാത്യുജോർജ് നടത്തിയ ശ്രമങ്ങളും ഉടൻ ഫലം കണ്ടില്ല.

ചുരുക്കത്തിൽ, വെട്ടിയിട്ട മൂന്ന് മരങ്ങളുടെയും കഷണങ്ങൾ അവിടെ കൂടിക്കിടന്നു.

അതിനിടയിലാണ് കിറ്റ്കോ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ വാട്ടർടാങ്ക് പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കുവാനുള്ള പ്ലാൻ നടപ്പിലാക്കുവാൻ തുടങ്ങിയത്. ഇത് ഡോ.മാത്യുജോർജിന് വീണ്ടും പ്രതിസന്ധി സൃഷ്ടിച്ചു. സ്ഥലത്തുനിന്നും തടിക്കഷണങ്ങൾ മാറ്റുവാൻ ഡോ. മാത്യുജോർജ് തീരുമാനിച്ചു.

കാക്കനാട് സോമൻ എന്നയാളെ ചുമതല ഏൽപ്പിച്ചു. തടിക്കഷണങ്ങൾ മാറ്റി മറ്റൊരിടത്ത് ഇടാനാണ് ആവശ്യപ്പെട്ടതെന്ന് ഡോ. മാത്യുജോർജ് പ്രസ്താവിക്കുന്നു. എന്നാൽ സംഭവിച്ചത് അതല്ല. തടിക്കഷണങ്ങൾ പല ലോഡുകളായി പുറത്തേയ്ക്ക് കൊണ്ടുപോയതായി മനസിലാക്കുന്നു. ഈ അനധികൃത കടത്താണ് പിന്നീട് വലിയ വാർത്തയായതും വിദ്യാർത്ഥികളുടെ ഘെരാവോ സമരത്തിന് കാരണമായതും.

## നിരീക്ഷണങ്ങൾ

1. ഈ അന്വേഷണത്തിന് ഒരു കാര്യമായ പരിമിതി ഉണ്ടായിരുന്നു. തടി കടത്തിയ ആളെ വിളിച്ചുവരുത്തുവാനും, മൊഴിയെടുക്കാനും ഈ അന്വേഷണസംഘത്തിന് അധികാരമുണ്ടായിരുന്നില്ല. അതിനുള്ള അധികാരം പോലീസിനോ, ജുഡീഷ്യറിക്കോ മാത്രമാണ്. അതിനാൽ തെളിവെടുപ്പ് അപൂർണ്ണമായി നിൽക്കുന്നു.
2. ഡോ. മാത്യുജോർജ് തന്റെ അറിവോടെയല്ല തടി കടത്തിയതെന്ന് മൊഴി തന്നിരിക്കുന്നു. ചുരുങ്ങിയത് 5 മുതൽ 10 ലോഡ് (മിനിലോറി) തടികളെങ്കിലും പുറത്തേയ്ക്ക് കൊണ്ടുപോയതായി മറ്റുസാക്ഷികൾ പറയുന്നു. ഇത് പ്രിൻസിപ്പൽ അറിയാതെയാണ് കടത്തിയതെങ്കിൽ അദ്ദേഹം കാര്യപ്രാപ്തിയുള്ള അഥവാ ജാഗ്രതയുള്ള ഒരു പ്രിൻസിപ്പൽ അല്ല.
3. പ്രിൻസിപ്പലിന്റെ അറിവോടയൊണെങ്കിൽ അത് കുറ്റകരമാണ്. പക്ഷേ ആ നിരീക്ഷണത്തിന് താഴെപ്പറയുന്ന പരിമിതിയുണ്ട്: കടത്തിയ മരങ്ങൾ ഒട്ടും വിലകൂടിയവയല്ല, പാഴ്മരങ്ങളാണെന്ന് അന്വേഷണസംഘത്തിന് ബോധ്യപ്പെട്ടു. അതിന് പോലീസ് അന്വേഷണം ആവശ്യമായി വരും, കാരണം ലോറി ഉടമയെയോ, അതുമല്ലെങ്കിൽ കരാറുകാരനെയോ ചോദ്യം ചെയ്യണം.
4. വെട്ടിയിട്ട മരത്തിന് മുൻപ് ഒന്നിൽകൂടുതൽ തവണ തീപിടിക്കുകയുണ്ടായി. ഫയർഫോഴ്സ് വന്നാണ് തീയണച്ചത്. എന്നിട്ടുപോലും ലേലനടപടികൾ എടുക്കുവാൻ പ്രിൻസിപ്പൽ ഡോ. മാത്യുജോർജിന് കഴിഞ്ഞില്ല. കാര്യപ്രാപ്തിയുള്ള ആളാണ് താനെന്ന് ഡോ. മാത്യുജോർജ് അവകാശപ്പെടുന്നു. പക്ഷേ ഇക്കാര്യത്തിൽ കാര്യപ്രാപ്തി തെളിയിക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ലേലനടപടികൾ തുടങ്ങാൻ കഴിയാത്തതിന് അദ്ദേഹം നിരത്തിയ കാരണങ്ങൾ ന്യായീകരിക്കാവുന്നവയല്ല.

"മരത്തിന്റെ വിലയേക്കാൾ വെട്ടുകൂലി": നാട്ടറിവന്റെ അഭാവമാണ് ഇങ്ങനെ ചിന്തിക്കുവാൻ കാരണമായത്. മരംവെട്ടുകാർ എല്ലാനാട്ടിലും ഭീമമായ കൂലിയാണ് ആവശ്യപ്പെടാറുള്ളത്, കാരണം മരംവെട്ട് അപാരമായ മെയ്ക്കരുത്തും, മനക്കരുത്തും, വൈദഗ്ധ്യവും ആവശ്യമുള്ള ജോലിയാണ്. മരത്തിന്റെ വിലയേക്കാൾ കൂടുതൽ വെട്ടുകൂലിയെന്നതും ന്യായീകരണമല്ല. ജീവന് മരം സൃഷ്ടിക്കുന്ന ഭീഷണിയെ ഒരിക്കലും പണംകൊണ്ട് അളക്കുവാൻ കഴിയില്ല.

നാക് സന്ദർശനംമൂലം തിരക്കിലായെന്നതും ന്യായീകരിക്കത്തക്കതല്ല. തീപിടിത്തം, ഇഴജന്തുക്കളുടെ ശല്യം, പരിസരമലിനീകരണം എന്നിവ മരംകൂട്ടിയിടുന്നതുമൂലം സംഭവിക്കാം. ഇത് നാക് ടീം കാണുവാനിടയായാൽ അത് അവമതിപ്പുണ്ടാക്കും.

5. കളക്ടറെ നേരിൽക്കണ്ട് കാര്യം ധരിപ്പിച്ച് മരം വെട്ടുവാനുള്ള കാശ് സി.ഡി.സി. യിൽ നിന്ന് അനുവദിച്ചെടുക്കുവാൻ ഡോ. മാത്യുജോർജിന് കഴിയേണ്ടതായിരുന്നു. അത് അദ്ദേഹത്തിന് കഴിഞ്ഞില്ല.
6. മരം മാറ്റിയിടാൻ ആർക്കെങ്കിലും അനുവാദം കൊടുക്കുമ്പോൾ അവർ അക്കാര്യത്തിൽ എന്തുചെയ്തു എന്ന് ഡോ. മാത്യുജോർജ് കൃത്യമായി അന്വേഷിക്കേണ്ടതായിരുന്നു. അതുചെയ്യാത്തതുകൊണ്ടാണ് ഇങ്ങനെയൊരു അനധികൃത മരം കടത്ത് ഉണ്ടായത്.
7. ക്യാമ്പസിലെ മരങ്ങളുടെ കൃത്യമായ രേഖ ഓഫീസിൽ ഇല്ല. ഇത് കോളേജ് ഓഫീസിന്റെ വലിയൊരു വീഴ്ചയാണ്.
8. മരം മുറിക്കാൻ അനുവാദം നൽകിയത് പ്രിൻസിപ്പലാണ് എന്ന മട്ടിൽ ഒരു ശബ്ദരേഖ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചിട്ടുണ്ട്. അത് ശ്രദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ: (i) ശബ്ദരേഖ വ്യാജമാണോ അല്ലയോ എന്ന് വിലയിരുത്താനുള്ള സാങ്കേതികവിദ്യ അന്വേഷണസംഘത്തിന്റെ കൈയിലില്ല. (ii) ശബ്ദരേഖ സത്യമാണെന്ന് കരുതിയാൽത്തന്നെയും മരംമുറിച്ച് കടത്തുവാൻ പ്രിൻസിപ്പൽ അനുമതി നൽകിയെന്ന് ശബ്ദരേഖയിലില്ല. "മാറ്റുവാൻ അനുവാദം നൽകി" എന്നുണ്ട്. (iii) പ്രിൻസിപ്പലിനെ മറ്റൊരാൾ ഉദ്ധരിക്കുന്നത് മുഖവിലയ്ക്കെടുക്കാൻ കഴിയില്ല.

8. ഈ അനധികൃത മരംകടത്തലിൽ കോളേജ് ജൂനിയർസൂപ്രണ്ട് ശ്രീ. കെ. എസ്. ജഗ്ദീപ്, ഓഫീസ് അസിസ്റ്റന്റ് ശ്രീ. സതീശൻ എ.ആർ. എന്നിവർക്ക് പങ്കുള്ളതായി ആരോപണമുണ്ട്. അതിന് വിശദമായ അന്വേഷണം ആവശ്യാണ്.

<u>ഉപസംഹാരം</u>

- സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ എന്ന നിലയിൽ ഇങ്ങനെയൊരു അനധികൃത മരംകടത്തിന്റെ കാര്യത്തിൽ ഡോ. മാത്യുജോർജിന് ധാർമ്മികമായ ഉത്തരവാദിത്തമുണ്ട്. അദ്ദേഹത്തിന്റെ അശ്രദ്ധയോ, അലംഭാവമോ, കാര്യക്ഷമതയില്ലായ്മയോ ഇക്കാര്യത്തിന് കാരണമായിട്ടുണ്ട്.
- ലേലം നടപടികൾ എടുക്കാത്തതിന് ഡോ. മാത്യുജോർജ് നിരത്തിയ കാരണങ്ങൾ ന്യായീകരിക്കത്തക്കതല്ല. ഇക്കാര്യത്തിൽ അകാരണമായ കാലതാമസം വന്നു.
- മരം കടത്തിയതാരെന്ന ചോദ്യത്തിന് കൃത്യമായ ഉത്തരം കിട്ടുവാൻ പോലീസ് അന്വേഷണം ആവശ്യമായിട്ടുണ്ട്.
- വീഴ്ച വരുത്തിയതിന് ഡോ. മാത്യു ജോർജിനെതിരെ ഉചിതമായ നടപടികൾ എടുക്കാവുന്നതാണ്.
- ലേലനടപടികൾ എടുക്കാത്ത പ്രിൻസിപ്പലിന്റെ വീഴ്ചയിൽ അദ്ദേഹത്തിന്റെ കീഴിൽ പ്രവർത്തിച്ച അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ജൂനിയർ സൂപ്രണ്ട്, സെക്ഷൻ ക്ലാർക്ക് എന്നിവർക്കും പങ്കുണ്ട്.

ഡോ. ജോതിരാജ് എം.
അഡീഷണൽ ഡയറക്ടർ (i/c)

ശ്രീ. സിജു ജേക്കബ്
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സെക്ഷൻ ഓഫീസർ